# കേരള കാർഷിക സർവ്വകലാശാല


കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ: 04872371931)

**തൃശ്ശൂർ**

E mail: kauagmet@yahoo.co.in


**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 14/17, ചൊവ്വാഴ്ച** **തീയ്യതി 04.04.2017**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 35.8 മുതൽ 39.1 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 24.9 മുതൽ 26.5 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 83 മുതൽ 89 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 28 മുതൽ 62 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.8 മുതൽ 2.6 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 7.2 മുതൽ 9.7 മണിക്കൂറും ബാഷ്പീകരണം ദിനം പ്രതി 4.0 മുതൽ 5.6 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 05.04.2017 | 06.04.2017 | 07.04.2017 | 08.04.2017 | 09.04.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C ) | 37 | 37 | 37 | 37 | 37 |
| കുറഞ്ഞ താപനില (°C ) | 26 | 26 | 26 | 26 | 26 |
| മേഘവ്യാപ്തി (ഒക്ട) | 4 | 4 | 6 | 5 | 5 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 008 | 008 | 008 | 008 | 008 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 250 | 250 | 250 | 250 | 250 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | പാലുറയ്ക്കുന്ന പരുവം/ ചാഴി | വേപ്പെണ്ണ അടങ്ങിയ കീടനാശിനികൾ 3 മി.ല്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഉപയോഗിക്കുക. (ചാഴിക്കെതിരെ കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുമ്പോ, വൈകീട്ട് 3 മണിക്കു ശേഷമോ ആയിരിക്കണം അല്ലെങ്കിൽ മരുന്നുതളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും.) |
| വാഴ | പിണ്ടിപ്പുഴു | ആരംഭഘട്ടത്തിൽ 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തളിക്കുക. അധികമായാൽ 2.5 മില്ലി ക്ലോർപൈറിഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ഏതെങ്കിലും പശ ചേർത്തു വാഴത്തടത്തിലും ഇലകവിളുകളിലും തളിക്കുക. അല്ലെങ്കിൽ വാഴപ്പിണ്ടിക്കെണി ഉപയോഗിക്കാം. വാഴത്തട 45 സെ.മീ നീളമുള്ള കഷണമാക്കി നെടുകെ പിളർന്ന് അതിൽ ബ്യൂവേറിയ പൊടി വിതറി രണ്ടു കഷ്ണങ്ങളും ചേർത്ത് കൂട്ടി വെച്ച് കെട്ടുക. ഈ കഷ്ണങ്ങൾക്കിടയിൽ ഒരു ചെറിയ കല്ലു വയ്ക്കുക. ഈ കെണി ഒരു ഏക്കറിലേക്ക് 25 എണ്ണം വരെ വയ്ക്കാം. |
| പച്ചക്കറികൾ (പാവൽ) | മൊസെയ്ക് | പാവലിൽ മൊസെയ്ക് രോഗം കാണാനിടയുണ്ട്. ഇത് ഒരു വൈറസ് രോഗമാണ്. രോഗം ബാധിച്ച ചെടികൾ വേരോടെ പിഴുത് നശിപ്പിച്ച് കളയുക. രോഗം പരത്തുന്ന കീടങ്ങൾക്കെതിരെ ഡൈമേത്തോയേറ്റ് (റോഗർ) 1.5 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ചു കൊടുക്കുക. |